## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2266** **08.12.2015-ൽ മറുപടിയ്ക്ക്**

## പോത്തൻകോട് - കാട്ടാക്കട ഹൈടെൻഷൻ ലൈൻ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എ. വാഹിദ് : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) പോത്തൻകോട് - കാട്ടാക്കട ഹൈടെൻഷൻ ലൈനിന്റെ അവശേഷിക്കുന്ന പ്രവൃത്തികൾ ആയ 6 ടവറുകളുടെ അടിത്തറ നിർമ്മാണം, 37 ടവറുകൾ സ്ഥാപിക്കൽ, 28.5 കി. മീ. ലൈൻ വലിക്കൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ ; | (എ) ഇല്ല. പോത്തൻകോട്-കാട്ടാക്കട ഹൈടെൻഷൻ ലൈൻ ജോലിക്കായി കരാർ ഏറ്റെടുത്ത ഉട്കൽ ഗാൽവനൈസേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് . ടി കരാർ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. ഈ ജോലി പുതുതായി ചെയ്യുമ്പോൾ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങളുടെ ഉത്തരവാദിത്വം ഉട്കൽ ഗാൽവനൈസേഴ്സിൽ നിക്ഷിപ്തമാക്കത്തക്ക രീതിയിൽ, 16.02.2015-ൽ പ്രവർത്തനം നിർത്തി വച്ചു. ബാക്കി ജോലികൾക്കായി ദർഘാസ് ക്ഷണിച്ചപ്പോൾ ഫാത്തിമ എഞ്ചിനീയറിംഗ് കമ്പനി മാത്രം ദർഘാസ് സമർപ്പിച്ചു. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ ; | (ബി) പ്രസ്തുത ലൈനിന്റെ നിർമ്മാണത്തിനെതിരെ ലൈൻ കടന്നു പോകുന്ന സ്ഥലത്തെ ഭൂവുടമകൾ പല കോടതികളിൽ നൽകിയ പരാതികളും സമയബന്ധിതമായി പണി നടത്താൻ കരാറെടുത്ത കമ്പനിക്കു കഴിയാഞ്ഞതുമാണ് ഈ പണി പൂർത്തീകരിക്കാൻ കാലതാമസം ഉണ്ടായതിനുള്ള കാരണങ്ങൾ. |
| (സി) ഈ സർക്കാരിന്റെ കാലത്ത് പദ്ധതി പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യാൻ നടപടി സ്വീകരിക്കുമോ ? | (സി) പുതിയ ദർഘാസിന്മേലുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കി എത്രയും പെട്ടെന്ന് പണി നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.